പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1611 11.08.2017-ലെ മറുപടിക്ക്

## കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ നവീകരണം

ചോദ്യം ഉത്തരം

ശ്രീമതി. യു. പ്രതിഭ ഹരി ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കായംകുളം കെ.എസ്.ആർ. ടി.സി. ഡിപ്പോയുടെ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നും ചുറ്റുമതിലുകൾ തകർന്ന നിലയിലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>കാലപ്പഴക്കം ഉണ്ടായിട്ടുള്ള ചില കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. മറ്റുള്ളവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ഡിപ്പോയിലെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നു പോകുന്നതു കൊണ്ട് അത്യാധുനിക രീതിയിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് തനതു ഫണ്ടിനാൽ നിർമ്മിക്കുക അസാദ്ധ്യമാണ്. കെ.എസ്. ആർ.ടി.സി പിൻതുടരുന്ന തരത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥലത്തിന്മേൽ പലിശ രഹിത നിക്ഷേപം സ്വീകരിച്ചു കൊണ്ട് ഒരു പദ്ധതി കായംകുളത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കണം എങ്കിൽ കെ.എസ്.ആർ.ടി. സി.യ്ക്ക് പലിശ രഹിത നിക്ഷേപം ലഭിക്കുന്ന ഘട്ടം വരെയുള്ള ജോലികൾ പൂർത്തീകരിക്കുന്നതിനായി മുടക്കുവാനുള്ള സാമ്പത്തികം കോർപ്പറേഷന്റെ പക്കൽ ഇല്ല. ആയതിലേക്ക് എം.പി / എം.എൽ.എ. യുടേയോ വികസന ഫണ്ടിൽ നിന്നും ആവശ്യമായ തുക ലഭിക്കുമെങ്കിലോ അല്ലാത്ത പക്ഷം കെ.എസ്.ആർ. ടി.സിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കോ സാധ്യതാ പഠനം നടത്തിയ ശേഷം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ